പതിനാലാം കേരള നിയമസഭ

പതിമൂന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.2326 — 05.12.2018 ൽ മറുപടിയ്ക്ക്

# കർഷകരിൽ നിന്ന് സപ്ലൈകോ സംഭരിച്ച നെല്ലിന്റെ പണം

ചോദ്യം
ശ്രീമതി.പി. അയിഷാ പോറ്റി

ഉത്തരം
ശ്രീ. പി. തിലോത്തമൻ
(ഭക്ഷ്യവും സിവിൽ സപ്ലൈസും
വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | കൊല്ലം ജില്ലയിലെ കരീപ്ര തളവൂകോണം ഏലായിലെ കർഷകരിൽ നിന്ന് കൃഷിഭവൻ മുഖേന സപ്ലൈകോ സംഭരിച്ച നെല്ലിന്റെ പണം ലഭ്യമാക്കാത്ത സാഹചര്യം ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ; | (എ) യും (ബി) യും (സി) യും | കൊല്ലം ജില്ലയിലെ കരീപ്ര തളവൂകോണം ഏലായിലെ കർഷകരിൽ നിന്ന് സംഭരിച്ച നെല്ലിന്റെ പണം പി.ആർ.എസ്. (പാഡി റസീപ്റ്റ് ഷീറ്റ്) വായ്പാ പദ്ധതി പ്രകാരവും തനത് ഫണ്ടിൽ നിന്നും നൽകിയിട്ടുണ്ട്. ടി ഏലായിലെ കർഷകർ സപ്ലൈകോയുമായി പി.ആർ.എസ്സ് വായ്പാപദ്ധതി യ്ക്കായി കരാർ ഒപ്പിട്ടിട്ടുള്ള ബാങ്കുകളിൽ നിന്നും ആവശ്യമായ രേഖകൾ പാഡി പേയ്മെൻറ് ഓഫീസിൽ സമയബന്ധിതമായി ഏൽപ്പിക്കാതി രുന്നതാണ് കർഷകർക്ക് നെല്ലിന്റെ വില ലഭിക്കുന്നതിന് കാലതാമസം ഉണ്ടാകുവാൻ കാരണമായത്. |
| (ബി) | പണം ലഭ്യമാക്കുന്നതിൽ കാലതാമസം ഉണ്ടായതിന്റെ കാരണങ്ങൾ വ്യക്തമാക്കുമോ; | | |
| (സി) | കർഷകർക്ക് പണം അടിയന്തരമായി ലഭ്യമാക്കാൻ എന്തെല്ലാം നടപടികൾ സ്വീകരിക്കുമെന്ന് അറിയിക്കാമോ? | | |

സെക്ഷൻ ഓഫീസർ